KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 181/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesacitu@yahoo.co.in Web : www.ksfesa.com

President
A.K.Balan MLA
Mob : 9846361111

General Secretary
S.Muraleekrishnapillai
Mob : 9446538432

**സർക്കുലർ 12/2015**

സഖാക്കളേ, സുഹൃത്തുക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 20-01-2015 ചൊവ്വ രാവിലെ 11 മണിയ്ക്ക് സി.ഐ.ടി.യു പാലക്കാട് ജില്ലാകമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. പ്രസിഡന്റ് സ: എ.കെ.ബാലൻ MLA അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

1. **സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് പ്രത്യക്ഷസമര പരിപാടികൾ ആരംഭിക്കാൻ തീരുമാനിച്ചു.**

KSFE യുടെ ട്രഷറി നിക്ഷേപം സ്വകാര്യബാങ്കുകൾക്ക് പണയം വച്ച അപകടകരമായ നയം തിരുത്തുക, വൈസ് ചെയർമാന് കുടിശിക പിരിവിന്റെ ചുമതല നൽകിയ സർക്കാർ ഉത്തരവ് പിൻവലിക്കുക, ബിസിനസ് വൈവിധ്യവത്ക്കരണത്തിലൂടെ സ്ഥാപനത്തെ ശക്തിപ്പെടുത്തുക, പൊള്ളച്ചിട്ടികൾ നിയന്ത്രിച്ച് Fund diversion ഒഴിവാക്കുക, അഴിമതിയും അധികാര ദുർവിനിയോഗവും അവസാനിപ്പിക്കുക, ട്രഷറിയിൽ കുറഞ്ഞ പലിശ നിരക്കിൽ പാർക്ക് ചെയ്തിരിക്കുന്ന പണം പിൻവലിച്ച് CD Ratio ഉയർത്തുക, ചിട്ടി സെക്യൂരിറ്റി ട്രഷറി നിക്ഷേപത്തിന് പലിശ വരുമാനം ഉറപ്പുവരുത്തുക, ചിട്ടിവരിക്കാർക്ക് സേവനനികുതി ഒഴിവാക്കിയ സുപ്രീം കോടതിവിധി KSFE ൽ നടപ്പാക്കുക, വർക്ക്മെൻ ജീവനക്കാരുടെ സ്ഥലമാറ്റ ചട്ടങ്ങളിലെ അപാകത പരിഹരിക്കുക, രാഷ്ട്രീയ പക്ഷപാതപരമായ മാനേജ്മെന്റ് നയം തിരുത്തുക, ശമ്പളപരിഷ്കരണം നടപ്പിലാക്കുക, അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ നൽകുക, സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ആഫീസ് അറ്റൻഡന്റ്മാർക്ക് 10% ഒഴിവുകൾ അസിസ്റ്റന്റ് തസ്തികയിലേക്ക് സംവരണം ചെയ്യുക, ഡെസ്പാച്ച് അസിസ്റ്റന്റ്മാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ച് നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് 2015 ഫെബ്രുവരി 26ന് HO മാർച്ചും ധർണയും സംഘടിപ്പിക്കാൻ തീരുമാനിച്ചു. വിവിധ ജില്ലകളിൽ നിന്നായി 500 പേരെ ധർണയിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. രാവിലെ 10 മണിമുതൽ വൈകിട്ട് 5 മണിവരെയാണ് ധർണ. സ: എ.കെ.ബാലൻ എം.എൽ.എ മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്യും.

ജില്ലാ കമ്മിറ്റികൾ 31-1-2015ന് മുമ്പായി വിളിച്ചുചേർത്ത് പ്രക്ഷോഭം വിജയിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. 5-2-2015ന് മുമ്പായി ജില്ലാ/മേഖലാ പ്രവർത്തക കൺവെൻഷനുകൾ ചേരണം.

2015 ഫെബ്രുവരി 19-ാം തീയതി പ്രതിഷേധ ദിനമായി ആചരിക്കണം. അന്നേദിവസം പ്രവർത്തകർ പ്രതിഷേധ ബാഡ്ജ് ധരിക്കുകയും എല്ലാ ശാഖകൾക്ക് മുമ്പിലും ഇടവേള സമയത്ത് മുദ്രാവാക്യം വിളിക്കുകയും വിശദീകരണയോഗം ചേരുകയും വേണം. "**സ്ഥാപനം സംരക്ഷിച്ച് ശക്തിപ്പെടുത്തുക, തൊഴിലവകാശങ്ങൾ സംരക്ഷിക്കുക**" ഇതാണ് ഈ സമരത്തിൽ നമ്മൾ ഉയർത്തുന്ന മുദ്രാവാക്യം.

2. **EPS' 95 പെൻഷൻ**

KSFE ജീവനക്കാരുടെ പെൻഷനബിൾ സാലറി 6500/- രൂപയാണ്. പെൻഷനബിൾ സാലറി അവസാനത്തെ 12 മാസത്തെ ശരാശരിയായി ഉയർത്തി, പെൻഷൻ വർധിപ്പിക്കുന്നതിന് EPS' 95 പെൻഷൻ ആക്ടിലെ 11 (3) വ്യവസ്ഥപ്രകാരം ജീവനക്കാരും മാനേജ്മെന്റും സംയുക്തമായി 2004-ൽ Option നൽകിയെങ്കിലും PF അധികാരികൾ നമ്മുടെ അപേക്ഷ തള്ളുകയാണുണ്ടായത്. എന്നാൽ സമാനമായ വിഷയത്തിൽ FACT, Hindustan News Print, Handloom Development Corporation എന്നീ സ്ഥാപനത്തിലെ തൊഴിലാളികൾ PF-ന്റെ ഈ നിഷേധ നയത്തിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്നും 2013-ൽ അനുകൂല ഉത്തരവ് സമ്പാദിക്കുകയുണ്ടായി. ഈ വിധിയ്ക്കെതിരെ PF അധികാരികൾ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റിഷൻ (SLP)ഫയൽ ചെയ്യുകയാണുണ്ടായത്. ഈ പ്രശ്നത്തിൽ സുപ്രീം കോടതിയിൽ നിന്നും ഉണ്ടാകുന്ന വിധി നമ്മെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്.

ഈ വസ്തുനിഷ്ഠ സാഹചര്യം പരിശോധിക്കുന്നതിനുവേണ്ടി മാനേജ്മെന്റ് പ്രതിനിധിയും ജീവനക്കാരുടെ പ്രതിനിധികളും സംയുക്തമായി നിയമോപദേശം തേടുകയുണ്ടായി. നിയമോപദേശത്തിന്റെയടിസ്ഥാനത്തിൽ, ജീവനക്കാരും മാനേജ്മെന്റും സംയുക്തമായി (പെൻഷനബിൾ സാലറിയുടെ 6500/- എന്ന പരിധി എടുത്തുകളയണമെന്നും ശമ്പളത്തിന്റെ 8.33% മുൻകാല പ്രാബല്യത്തോടെ പെൻഷൻഫണ്ടിൽ Contribute ചെയ്യാൻ അനുവദിയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള) Option PF അധികാരികൾക്ക് നൽകി. PF അധികാരികൾ ആ ആവശ്യം നിരസിച്ചു. ഇതിനെത്തുടർന്ന് ഓരോ സംഘടനയിൽ നിന്നും 10 പേർവീതം 40 പേർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും നമുക്കനുകൂലമായി വിധി നേടുകയും ചെയ്തു. കൂടാതെ റിട്ടയർ ചെയ്ത ജീവനക്കാരും അനുകൂല വിധി നേടിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പ്രസ്തുത വിധി KSFE ജീവനക്കാർക്കാകെ ബാധകമാക്കുന്നതിന് വേണ്ടി 4 സംഘടനാ ജനറൽ സെക്രട്ടറിമാരും സംയുക്തമായി ബഹു ഹൈക്കോടതിയെ സമീപിച്ചു. പക്ഷേ കോടതി നമ്മുടെ വാദം തള്ളികൊണ്ട് ആവശ്യമുള്ള ജീവനക്കാർ Individual Petition നൽകണമെന്ന് വിധിച്ചു.

പ്രസ്തുത ഹൈക്കോടതി വിധികളെല്ലാം തന്നെ ബഹു സുപ്രീം കോടതിയുടെ മുമ്പാകെ PF അധികാരികൾ സമർപ്പിച്ച SLP യുടെ വിധിയ്ക്ക് വിധേയമാകുമെന്നതിനാൽ, ബഹു.സുപ്രീംകോടതിയുടെ മുമ്പാകെയുള്ള SLP യിൽ Intervene ചെയ്യാൻ KSFE യിലെ സംഘടനകൾ കൂട്ടായി തീരുമാനിച്ചു. പ്രമുഖ സുപ്രീം കോടതി അഭിഭാഷകൻ ശ്രീ.അഡ്വ.തമ്പാൻതോമസ് മുഖേനയാണ് KSFE ജീവനക്കാരെ പ്രതിനിധീകരിച്ച് യൂണിയൻ ജനറൽ സെക്രട്ടറിമാർ SLPയിൽ Intervene ചെയ്തിരിക്കുന്നത്. മാനേജ്മെന്റും നമുക്കനുകൂലമായി സുപ്രീംകോടതിയിൽ കക്ഷി ചേരുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

KSFE ജീവനക്കാരുടെയടക്കം പെൻഷൻ പ്രശ്നം ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുമ്പോഴാണ് മിനിമം പെൻഷൻ 1000/-രൂപയായും പെൻഷനബിൾ സാലറി 15,000/- രൂപയായി നിജപ്പെടുത്തിയതിന്റെ മറവിൽ EPS'95 ആക്ടിൽ താഴെകൊടുക്കുന്ന പ്രതിലോമകരമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചത്.

1. 15,000/- രൂപയിൽ കൂടുതൽ ശമ്പളം ഉള്ളവർക്ക് പുതുതായി EPS'95 പദ്ധതിയിൽ ചേരാനാവില്ല.
2. നിലവിലുള്ള അംഗങ്ങളിൽ 15,000/- രൂപയിൽ കൂടുതൽ പെൻഷനബിൾ സാലറിയുള്ളവർ 15,000/- രൂപയിൽ കൂടുതലുള്ള ശമ്പളത്തിന്റെ 1.16% കൂടി പെൻഷൻ ഫണ്ടിലടക്കണം.
3. 20 വർഷമോ അതിൽകൂടുതലോ പെൻഷനബിൾ സർവീസുള്ളവർക്ക് നൽകിയിരുന്ന രണ്ട് വർഷത്തെ Weightage ഇല്ലാതാക്കി.
4. പെൻഷനബിൾ സാലറിയെന്നത് അവസാനത്തെ 12 മാസത്തെ ശമ്പളത്തിന്റെ ശരാശരി എന്നത് മാറ്റി അവസാനത്തെ 60 മാസത്തെ ശമ്പളത്തിന്റെ ശരാശരിയാക്കി.

മാത്രമല്ല PF വിഹിതം 12% ൽ നിന്നും 10% ആയി കുറയ്ക്കാനും തീരുമാനമെടുത്ത് നടപ്പാക്കാനൊരുങ്ങുകയാണ്. പുതിയ ഗസറ്റ് വിജ്ഞാപനമനുസരിച്ച് ശമ്പളത്തിന്റെ 8.33% പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതിന് വേണ്ടി മാനേജ്മെന്റും ജീവനക്കാരും സംയുക്തമായി Option PF അധികാരികൾക്ക് 28-2-15നകം നൽകണം. സംഘടനകളുമായി വേണ്ടത്ര കൂടിയാലോചന നടത്താതെ ഏകപക്ഷീയമായി 49/14 എന്ന സർക്കുലർ വഴി അവ്യക്തതയും പിശകുകളും ഉള്ള Option form അയയ്ക്കുകയാണ് മാനേജ്മെന്റ് ചെയ്തത്. ഇതിൽ നമ്മുടെ പ്രതിഷേധം രേഖാമൂലം മാനേജ്മെന്റിനെ അറിയിക്കുകയും മുൻ തീരുമാനപ്രകാരം കൂട്ടായി ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകനിൽ എന്നും നിയമോപദേശം തേടണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ മാനേജ്മെന്റ് അലസ സമീപനം വെടിഞ്ഞ് അടിയന്തിര നടപടി സ്വീകരിയ്ക്കണമെന്നാവശ്യപ്പെടാൻ സംസ്ഥാനകമ്മിറ്റി തീരുമാനിച്ചു.

**EPS'95 രത്നചുരുക്കം** : 1995-ൽ സർവ്വീസിൽ പ്രവേശിച്ച ഒരു ജീവനക്കാരൻ/ജീവനക്കാരിയുടെ നിലവിലെ ശരാശരി ശമ്പളം 40,000/- രൂപയാണെന്നിരിക്കട്ടെ. ഉദ്ദേശം 25 വർഷം സർവ്വീസ് പൂർത്തിയാക്കി 2020-ൽ റിട്ടയർ ചെയ്യുമ്പോൾ 1,00,000/- രൂപ ശരാശരി ശമ്പളം ഉണ്ടെന്ന് കരുതുക. (ശമ്പളമെന്നാൽ BP + DA ആണ്).

**1. നിലവിലുള്ള പെൻഷൻ**

പെൻഷനബിൾ സാലറി = 6500/- (ശമ്പളമെത്രയായാലും കാറ്റഗറി ഏതായാലും)

പെൻഷനബിൾ സർവീസ് = 2020-1995

= 25

$$\text{പെൻഷൻ തുക} = \frac{\text{പെൻഷനബിൾ സർവ്വീസ്} \times \text{പെൻഷനബിൾ സാലറി}}{70}$$

$$= \frac{25 \times 6500}{70} = 2321.42$$

**2. പെൻഷനബിൾ സാലറി 15,000/- രൂപയായി ഉയർത്തിയ ഗസറ്റ് വിജ്ഞാനപ്രകാരം ലഭിയ്ക്കുന്ന പെൻഷൻ.**

15,000/- ആയി ഉയർത്തിയതിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ, 2014 സെപ്തംബർ മുതലുള്ള പെൻഷനബിൾ സർവ്വീസ് കാലയളവിൽ മാത്രമേ 15,000/- രൂപ ബാധകമാകുകയുള്ളൂ. അതിനുമുമ്പുള്ള പെൻഷനബിൾ സർവ്വീസ് കാലയളവിൽ പെൻഷനബിൾ സാലറി 6500/- രൂപയായിരിക്കും.

**3. ജീവനക്കാരും മാനേജ്മെന്റും സംയുക്തമായി നൽകുന്ന Option PF അധികാരികൾ അംഗീകരിക്കുകയോ/ ബഹു.സുപ്രീം കോടതിയിൽ നിലനിൽക്കുന്ന SLP യിൽ നമുക്കനുകൂലമായി വിധി വരികയോ ചെയ്താൽ മേൽ സൂചിപ്പിച്ച ഉദാഹരണം അനുസരിച്ച് ലഭിക്കുന്ന പെൻഷൻ.**

പെൻഷനബിൾ സർവ്വീസ് = 25

പെൻഷനബിൾ സാലറി = 1,00,000/- (അവസാനത്തെ 60 മാസത്തെ ശമ്പളം)

$$\text{പെൻഷൻ} = \frac{\text{പെൻഷനബിൾ സർവ്വീസ് x പെൻഷനബിൾ സാലറി}}{70}$$

$$= \frac{25 \times 1,00,000}{70} = 35,714.28$$

1. ഈ മൂന്നു രീതിയിലും മാനേജ്മെന്റ് Contribution 12% ആയിരിക്കും. അതായത് 40,000/- രൂപ ശരാശരി ശമ്പളമുള്ളയാൾക്ക് ഇത് 4800/-രൂപയായിരിക്കുമെന്നർഥം.

2. ഒന്നാമത്തെ രീതിയിൽ പ്രതിമാസം 541 രൂപയും (പ്രതിവർഷം 6500/- രൂപ) രണ്ടാമത്തെ രീതിയിൽ പ്രതിമാസം 1250/- രൂപയും (പ്രതിവർഷം 15,000/- രൂപ) മൂന്നാമത്തെ രീതിയിൽ പ്രതിമാസ ശമ്പളത്തിന്റെ 8.33 %വും (40000 x 8.33% = 3332) മാനേജ്മെന്റ് വിഹിതമായി പെൻഷൻ ഫണ്ടിലടക്കും. അതായത് ഒന്നാമത്തെ രീതിയിൽ പ്രതിമാസം (4800-541) 4259 രൂപയും രണ്ടാമത്തെ രീതിയിൽ (4800-1250) 3550 രൂപയും മൂന്നാമത്തെ രീതിയിൽ (4800-3332) 1468 രൂപയും ആയിരിക്കും മാനേജ്മെന്റ് 40,000/- രൂപ ശമ്പളമുള്ള മേൽ സൂചിപ്പിച്ച തൊഴിലാളിയുടെ PF ൽ അടയ്ക്കുക. പെൻഷൻ ഫണ്ടിലേയ്ക്കുള്ള മാനേജ്മെന്റ് വിഹിതം വർധിക്കുമ്പോൾ, ആനുപാതികമായി PF ലേയ്ക്കുള്ള മാനേജ്മെന്റ് വിഹിതം ഗണ്യമായി കുറയുമെന്ന കാര്യം option നൽകുന്നവർ ശ്രദ്ധിക്കണമെന്നർഥം.

**3. ഓഫീസ് അറ്റൻഡന്റ് പ്രമോഷൻ ടെസ്റ്റ്**

ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ പ്രമോഷൻ ടെസ്റ്റ് വൈകുകയാണ്. സ്ഥാപനത്തിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ By Transfer promotion ന് അർഹരായവരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. ഈ വിവരം ചൂണ്ടിക്കാട്ടി PSC യ്ക്ക് കത്തെഴുതണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ സംഘടന നടത്തിയ അന്വേഷണത്തിൽ ജൂൺ 2015നകം പരീക്ഷ നടത്തുമെന്ന് അറിയാൻ കഴിഞ്ഞു.

**4. അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ ടെസ്റ്റ് വൈകുന്നതിൽ പ്രതിഷേധം**

പ്രമോഷൻ ടെസ്റ്റ് അനന്തമായി നീളുന്നതിൽ യോഗം പ്രതിഷേധിച്ചു. പ്രമോഷൻ ടെസ്റ്റിന് 2012-ൽ തയ്യാറാക്കിയ Study manual ആണ് പരീക്ഷാർത്ഥികൾക്ക് നൽകിയത്. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയുടെ തെളിവാണിത്. സ്ഥാപനത്തിലെ സർക്കുലറുകൾ അപ്ഡേറ്റ് ചെയ്ത study manual നൽകാൻ നടപടിയുണ്ടാകണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

**5. സ്ഥാപനത്തിലെ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രമായി യൂണിഫോം നൽകി തരംതിരിക്കുന്ന രീതി അടിയന്തിരമായി അവസാനിപ്പിക്കുക**

സ്ഥാപനത്തിലെ ഒരു വിഭാഗം ജീവനക്കാർക്ക് യൂണിഫോം (അതും നിലവാരമില്ലാത്തത്) നൽകി തരംതിരിച്ചു നിർത്തുന്നത് അപരിഷ്കൃതമായ നടപടിയാണ്. ശാഖകളിലെ തെറ്റായ നിലപാടുകൾക്കെതിരെ പ്രതികരിയ്ക്കുന്ന ജീവനക്കാരെ 'യൂണിഫോം' ന്യായം പറഞ്ഞ് ഭീഷണിപ്പെടുത്തുന്ന പ്രവണതയും കൂടി വരികയാണ്. ഈ വിഭാഗം ജീവനക്കാരെ യൂണിഫോം ധരിക്കുന്നവരിൽ നിന്നും ഒഴിവാക്കുകയും തത്ഫലമായി ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തികനഷ്ടം പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു.

**6. റിട്ടയർചെയ്ത ജീവനക്കാർ തുടരുന്നത് സംബന്ധിച്ച് മാനേജ്മെന്റ് അടിയന്തിര തീരുമാനം എടുക്കുക.**

റിട്ടയർമെന്റ് പ്രായം 58-ൽ നിന്നും 60 ആയി ഉയർത്തിയ ബോർഡ് തീരുമാനത്തിന്റെയും ഹൈക്കോടതി സ്റ്റേ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, റിട്ടയർ ചെയ്ത ജീവനക്കാർ സ്ഥാപനത്തിൽ തുടരുകയാണ്. ചില ശാഖകളിൽ റിട്ടയർ ചെയ്തതുൾപ്പെടെ 4 മാനേജർമാർ വരെയുണ്ട്. ഈ ജീവനക്കാരുടെ ഉത്തരവാദിത്വത്തെയും ചുമതലകളെയും സംബന്ധിച്ച് മാനേജ്മെന്റ് അപകടകരമായ മൗനം തുടരുകയാണ്. വർഷങ്ങളോളം സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ച ജീവനക്കാരാകട്ടെ, രണ്ടാംതരം പൗരന്മാരായി സ്ഥാപനത്തിൽ തുടരേണ്ടിവരുന്നു. ഒരു ധനകാര്യ സ്ഥാപനത്തിൽ ഒരിക്കലും അംഗീകരിക്കാനാവാത്ത അരാജക പ്രവണതയാണിത്. ഫുൾടൈം ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്തിയ മാനേജ്മെന്റ്, PTS ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്തിയതുമില്ല. റിട്ടയർ ചെയ്തിട്ടും സ്ഥാപനത്തിൽ തുടരുന്ന ജീവനക്കാരെ സംബന്ധിച്ച് മാനേജ്മെന്റ് അടിയന്തിരമായി നിലപാട് സ്വീകരിക്കണമെന്നും അവരുടെ ഉത്തരവാദിത്വവും ചുമതലകളും നിർവ്വചിച്ച് കൃത്യമായ സർക്കുലർ പുറപ്പെടുവിക്കണമെന്നും സംഘടന ആവശ്യപ്പെടുന്നു.

സഖാക്കളെ സുഹൃത്തുക്കളെ,

ബി.ജെ.പി സർക്കാരിന്റെ 'ഘർവാപസി'യും യു.ഡി.എഫ് സർക്കാരിന്റെ 'ബാർ വാപസി'യും നമ്മുടെ സംസ്ഥാനത്ത് അരാജകത്വം വിതക്കുന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന് പച്ചവെള്ളത്തെക്കാൾ വിലകുറഞ്ഞിട്ടും നികുതികൾ വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കാൻ മത്സരിക്കുകയാണ് കേന്ദ്രസംസ്ഥാന സർക്കാരുകൾ. അന്താരാഷ്ട്ര വിപണിയിലെ ക്രൂഡോയിൽ വിലക്കുറവിന്റെ പ്രയോജനം രാജ്യത്തെ ദരിദ്രനാരായണന്മാർക്കല്ല പകരം കോർപ്പറേറ്റ് കുബേരന്മാർക്കാണ് ലഭിക്കുന്നത്. സോഷ്യലിസം, മതേതരത്വം എന്നീ വാക്കുകൾ ഭരണഘടനയുടെ ആമുഖത്തിൽനിന്ന് നീക്കം ചെയ്യണമെന്ന ധിക്കാരസ്വരം രാജ്യത്തെ നാശത്തിന്റെ പടുകുഴിയിലേക്ക് നയിക്കും. '20-ാം നൂറ്റാണ്ടിന്റെ യേശുക്രിസ്തു' എന്ന് ലോകമെമ്പാടും വാഴ്ത്തപ്പെടുന്ന മഹാത്മാഗാന്ധിയുടെ ഘാതകൻ പ്രകീർത്തിക്കപ്പെടുന്ന ആസുരമായ കാലഘട്ടത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. ഇറാനെയും ചൈനയെയും വളഞ്ഞുപിടിക്കുന്നതിനുള്ള അമേരിക്കയുടെ സാമ്രാജ്യത്വതാല്പര്യത്തിന് ഇന്ത്യ വഴങ്ങുകയാണ്. രാജ്യത്തിന്റെ യശസ്സ് ഉയർത്തിപിടിച്ചിരുന്ന ചേരിചേരാനയം അട്ടിമറിക്കപ്പെടുന്നു. അമേരിക്കൻ കമ്പനികളെ ആണവദുരന്ത ബാധ്യതയിൽനിന്ന് ഒഴിവാക്കുന്ന കരാറിൽ ഒപ്പിട്ടതുവഴി മോഡി സർക്കാർ രാജ്യത്തിന്റെ പരമാധികാരത്തെയാണ് പണയം വച്ചത്. മതേതരത്വം സംരക്ഷിക്കാനും രാജ്യത്തിന്റെ ആത്മാഭിമാനം വീണ്ടെടുക്കാനുമുള്ള പോരാട്ടം അനിവാര്യമാണ്. അതിൽ നമുക്കും അണിചേരാം.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

തൃശൂർ,
29-01-2015.

(ധർണ്ണയ്ക്ക് ആധാരമായ വിഷയങ്ങളെ സംബന്ധിക്കുന്ന വിശദമായ നോട്ടീസ് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.)

**നല്ല ദിനങ്ങൾ ഇതാ....**

**2002**
**പെട്രോൾ ബാരലിന് 51 ഡോളർ**
**അന്ന് ഇന്ത്യയിൽ**
**പെട്രോൾ 28.27 രൂപ**
**ഡീസൽ 18.35 രൂപ**

**2015**
**പെട്രോൾ ബാരലിന് 50 ഡോളർ**
**ഇന്ന് ഇന്ത്യയിൽ**
**പെട്രോൾ 65.60 രൂപ**
**ഡീസൽ 54.59 രൂപ**